# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

DESPATCHED പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Dt. 12/04/21 Tel: 04712335199, 2561614 Fax: 04712330920
Email:- sic.ker@nic.in

A.P.No. 1180(1)/2020/SIC തീർപ്പു കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

31/3/21

File No.9029/SIC-G4/2020

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. വിനോദ് പി.ജി.,
പുരുഷോത്തമ വിലാസം,
ചെക്കകോണം പി.ഒ.,
കരകുളം, തിരുവനന്തപുരം - 695 564.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം), കേരള സർവ്വകലാശാല, തിരുവനന്തപുരം.
2. അപ്പീൽ അധികാരി & രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, അപേക്ഷയിലെ 2-ാം ചോദ്യമായ പി.എസ്.എസി. മുഖേന കമ്പ്യൂട്ടർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും 137 പേരെ നിയമിച്ചു എന്ന മറുപടി നൽകിയത് ടി ലിസ്റ്റിൽ നിന്നും നിയമിതരായ 138 പേരിൽ നിന്നും ഒരാൾ വിടുതൽ ചെയ്തു പോയതിനാലാണെന്നും ഹർജിക്കാരന്റെ 22.6.2020-ലെ അപേക്ഷയിലെ ഇതേ ചോദ്യത്തിന് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ 138 നിയമനങ്ങൾ നടന്നതിൽ 132 പേർ ജോലി ചെയ്യുന്നു എന്ന മറുപടി നൽകിയത് 5 എൻ.ജെ.ഡി.യും ഒരു വിടുതലും ഒഴിവാക്കിയായിരുന്നുവെന്നും ടി മറുപടിയിൽ വസ്തുതാപരമായി വ്യത്യാസമില്ലായെന്നും കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ സ്ഥാനക്കയറ്റത്തെ സംബന്ധിച്ച് 11.9.2020-ലെ Ad.A1-3/CA/2020 നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം 28 പേർക്ക് ഗ്രേഡ്-1 പ്രൊമോഷൻ നൽകിയതിനാലാണ് 23.9.2020-ലെ മറുപടിയിൽ 28 പേർക്ക്

പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയതെന്നും ജോലിയിൽ പ്രവേശിച്ചവരുടെയും/നിലവിൽ ജോലി ചെയ്യുന്നവരുടെയും എണ്ണത്തിൽ ജീവനക്കാർ സർവ്വീസ്സിൽ നിന്നും വിടുതൽ വാങ്ങുന്ന മുറയ്ക്ക് വ്യത്യാസം ഉണ്ടാകുന്നതാണെന്നും ആയതിനാൽ ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും വിവരങ്ങളോ വസ്തുതകളോ മറച്ചു വച്ചിട്ടില്ല എന്നും ഹർജിക്കാരന്റെ 30.7.2020 തീയതിയിലെ അപേക്ഷയിലെ 4-ാം ചോദ്യത്തിനുള്ള മറുപടി മന:പ്പൂർവ്വമല്ലാതെയുള്ള നോട്ടപ്പിശക് മൂലം 26.8.2020 തീയതിയിലെ കത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും എന്നാൽ 23.9.2020-ൽ ടി വിവരം ഉൾപ്പെടുത്തി ഹർജിക്കാരന് മറുപടി നൽകിയിരുന്നു എന്നും ആയത് മന:പ്പൂർവ്വമല്ലാതെയുണ്ടായ പിഴവാണെന്നും ആയത് മാപ്പാക്കണമെന്നുമാണ്. ടി വിശദീകരണം വസ്തുതാപരമാണെന്ന് ബോധ്യമാകുന്നതിനാൽ ഈ അപ്പീൽ ഹർജിയിലെ തുടർനടപടികൾ കമ്മീഷൻ അവസാനിപ്പിച്ചുകൊണ്ടുള്ള അന്തിമ ഉത്തരവ് ഇന്നേ ദിവസം 2021 മാർച്ച് മാസം 31-ാം തീയതി പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
us